"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2022-23 - ഒറ്റൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം 976 (തിരുവനന്തപുരം) ന് ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.48/2024/Co-Op തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:- 1 . സഹകരണ സംഘം രജിസ്ട്രാറുടെ പി & എം .എ (5) ആർ.സി.എസ്./1915/2023 നം കത്ത്

2. സ.ഉ (സാധാ) നം 208/2023/സഹ തീയതി 30/03/2023

3. 17/06/2023 ലെ സഹകരണ സംഘം രജിസ്ട്രാറുടെ ആർ.സി.എസ്/1915/2023 പി&എം എ (5) നം കത്ത്.

4. സ.ഉ (സാധാ) നം.6350/2023/ധന തീയതി 04/09/2023.

5. സ.ഉ (സാധാ) നം.6376/2023/ധന തീയതി 05/09/2023.

**<u>ഉത്തരവ്</u>**

ഒറ്റൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം 976 (തിരുവനന്തപുരം) ന് ബാങ്കിന്റെ ആഭിമുഖ്യത്തിൽ 5 ക്ലസ്റ്ററുകളിൽ ഹൈടക് ഫാമിംഗ് നടപ്പാക്കുന്നതിനായി "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം 204 ലക്ഷം രൂപ (ഇരുന്നൂറ്റിനാല് ലക്ഷം രൂപ മാത്രം) ധനസഹായം, ചുവടെ വിവരിക്കും പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2425-00-107-63-00-00-0-P-V സബ്സിഡി | 50,00,000 | AS/COP/22/25342 | 31/03/2023 |
| 2 | 4425-00-107-83-00-00-0-P-V ഓഹരി | 20,00,000 | AS/COP/22/25343 | 31/03/2023 |
| 3 | 6425-00-107-69-00-00-0-P-V വായ്പ | 4,50,000 | AS/COP/22/25344 | 31/03/2023 |
| 4 | 2425-00-107-62-00-00-0-P-V സബ്സിഡി | 15,00,000 | AS/COP/22/25345 | 31/03/2023 |
| 5 | 4425-00-107-82-00-00-0-P-V ഓഹരി | 10,00,000 | AS/COP/22/25346 | 31/03/2023 |
| 6 | 4425-00-107-81-00-00-0-P-V ഓഹരി | 35,00,000 | AS/COP/22/25347 | 31/03/2023 |
| 7 | 4425-00-108-30-00-00-0-P-V ഓഹരി | 69,50,000 | AS/COP/22/25348 | 31/03/2023 |

എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ടി തുക 2022-23 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്തു നൽകാൻ സാധിച്ചിരുന്നില്ല. പ്രസ്തുത തുക 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതിയും റിലീസ് അനുമതിയും നൽകണമെന്ന് പരാമർശം (3) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ഒറ്റൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം 976 (തിരുവനന്തപുരം) ന് ബാങ്കിന്റെ ആഭിമുഖ്യത്തിൽ 5 ക്ലസ്റ്ററുകളിൽ ഹൈടെക് ഫാമിംഗ് നടപ്പാക്കുന്നതിനായി "സാങ്കേതിക വിദ്യാധിഷ്ഠിതകൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" പ്രകാരം 204 ലക്ഷം രൂപ (ഇരുന്നൂറ്റിനാല് ലക്ഷം രൂപ മാത്രം) ധനസഹായം, ചുവടെ വിവരിക്കും പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിയ്ക്കുന്നതിന്

ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഇനം | ശീർഷകം | അനുവദിക്കാനുള്ള തുക | കാലാവധി |
|---|---|---|---|
| സബ്സിഡി | 2425-107-59 | 65,00,000 | 31/03/2024 |
| ഓഹരി | 4425-107-79 | 1,34,50,000 | 31/03/2024 |
| വായ്പ | 6425-107-68 | 4,50,000 | 31/03/2024 |
| | | 204,00,000 | |

3. ധനപുനർവിനിയോഗം പൂർത്തിയായതിനുശേഷം പ്രസ്തുത ചെലവ് 2425-00-107-59 എന്ന പുതിയ ശീർഷകത്തിലേക്ക് റീ-ക്ലാസിഫൈ ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അക്കൗണ്ടന്റ് ജനറലിനെ സമീപിക്കേണ്ടതാണ്.

4. സഹകരണ സംഘം രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും, പദ്ധതി നടത്തിപ്പ് അവസാനം വരെ ക്രമമായി നിരീക്ഷിച്ച് വിലയിരുത്തുകയും, ധനസഹായത്തിന്റെ തിരിച്ചടവ് ഉൾപ്പെടെ, വിശദമായ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/61/2023/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 22-01-2024 15:38:18

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.